## സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം

12 (2464) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും ഫണ്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് തുകയാണ് ലഭിച്ചതെന്നും അതിന്റെ വിനിയോഗത്തെക്കുറിച്ചും വിശദമാക്കാമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2010-11 സാമ്പത്തിക വർഷം മുതൽ പാർട്ട്ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള ഫണ്ട് ലഭിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ വിശദാംശങ്ങൾ

| വർഷം | അദ്ധ്യാപകരുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2010-11 | 5838 | 3025.44 | .... |
| 2011-12 | 5838 | 8402.40 | .... |
| 2012-13 | 5838 | 2625.75 | 955.67 |
| 2013-14 | 4450 | 8010.00 | 7053.46 |
| 2014-15 | 4450 | 8811.00 | 0 |

## ഉന്നത വിദ്യാഭ്യാസ മാർഗ്ഗരേഖയ്ക്ക് സെൽ

13 (2465) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവാസി വിദ്യാർത്ഥികൾക്കായി ഇത്തരം ഒരു സംവിധാനം പ്രഖ്യാപിച്ചിരുന്നോ ;

(സി) എങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇങ്ങനെയൊരു സംവിധാനം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾ**

**14 (2467)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് ആർ.എം.എസ്.എ പദ്ധതിയാൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി കേന്ദ്രത്തിന് നൽകിയിട്ടുള്ളതും ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് അനുമതി ലഭ്യമായതെന്നും വെളിപ്പെടുത്താമോ ; റിപ്പോർട്ട് ലഭ്യമാക്കുമോ ?

(സി) സംസ്ഥാന സർക്കാർ അപ്ഗ്രേഡ് ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളതും കേന്ദ്ര അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ലാത്തതുമായ വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ഇല്ലാത്ത പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly